# കെ എസ് ടി പി പുനലൂർ - മുവാറ്റുപുഴ റോഡ് വികസനത്തിന് വേണ്ടിയുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിൻമേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ.

ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ റോഡുകളുടെ നിർമ്മാണം, വീതികൂട്ടൽ, ജംഗ്ഷൻ വികസനം, അതിനാവശ്യമായ സ്ഥലം ഏറ്റെടുപ്പ് എന്നിവ നടപ്പാക്കുന്നതിനുള്ള സർക്കാർ കൺസൽട്ടൻസി ആയിട്ടാണ് കേരളം സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രൊജകറ്റ് പ്രവർത്തിക്കുന്നത്. 115 കി. മീ. ദൈർഘ്യമുള്ള പുനലൂർ - മൂവാറ്റുപുഴ റോഡ് വികസനം KSTP യുടെ രണ്ടാം ഘട്ട വികസനമായിട്ടാണ് ഇപ്പോൾ നടക്കുന്നത്. ഒന്നാം ഘട്ടത്തിൽ 260 കി. മീ. റോഡ് ലോകബാങ്കിൻറെ സഹായത്തോടെ പൂർത്തിയാക്കുകയുണ്ടായി .

കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലൂടെ കടന്നു പോകുന്ന പുനലൂർ - പൊൻകുന്നം - തൊടുപുഴ റോഡിനു 10 മുതൽ 15 മീ വരെ വീതിയുള്ളതാണ്. പുനലൂർ, പത്തനാപുരം, കോന്നി, റാന്നി, മണിമല, പൊൻകുന്നം, പാലാ, മൂവാറ്റുപുഴ എന്നീ പട്ടണങ്ങളിലൂടെ ഈ റോഡ് കടന്നു പോകുന്നു . കൊടും വളവുകൾ പരമാവധി കുറച്ചും ടാറിംഗ് വിസ്തൃതി പരമാവധി കൂട്ടിയും പ്രധാന ജംഗ്ഷനുകളിൽ റോഡിനു ഇരുവശവും നടപ്പാതയും, സിഗ്നൽ സംവിധാനവും ഉറപ്പാക്കിയുമാണ് റോഡുവികസനം

നടപ്പാക്കുന്നത്. പത്തനാപുരം ജംഗ്ഷൻ വികസിപ്പിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. പുനലൂർ കായംകുളം റോഡ് കുന്നിക്കോട് പത്തനാപുരം റോഡുമായി ചേരുന്ന ജംഗ്ഷനാണ് പത്തനാപുരം ജംഗ്ഷൻ. ഈ ജംഗ്ഷൻറെ വികസനത്തിനായി കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽപെട്ട സർവ്വേ നമ്പർ 477/6/37-1, 477/6/32-1, 477/6/28, 477/6-31-1, 477/6-38, 477/6-B-1 എന്നിവയിൽ പെട്ട 0.73 ആർ വസ്തു ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹ്യ ആഘാതത്തെ കുറിച്ചു പഠിച്ചു സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തുന്നതിനായി കൊല്ലം ജില്ലാ കളക്ടറുടെ എൽ എ 5 /73358/18 തീയതി 7/6/2019 നടപടി ക്രമം അനുസരിച്ചു വിദഗ്ദ്ധ സമിതിയെ രൂപികരിച്ചു.

അംഗങ്ങൾ

1. ശ്രീ. എസ്, ശ്രീകുമാർ , എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്), ചെയർമാൻ, വിദഗ്ദ്ധ സമിതി

2. ശ്രീ . വി. ജയപ്രകാശ്, ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്)

3. ശ്രീ. ജെ. വേണുഗോപാലൻ, താഹസിൽദാർ (റിട്ടയേർഡ്)

4. ശ്രീ. അജീഷ് ( സാമൂഹ്യ ശാസ്ത്രജ്ഞൻ)

5. ശ്രീ. ദീപക്. എസ് ( സാമൂഹ്യ ശാസ്ത്രജ്ഞൻ)

6. ശ്രീ. നജീബ് മുഹമ്മദ്, പ്രസിഡൻറ്റ് പത്തനാപുരം പഞ്ചായത്ത്

7. ശ്രീമതി. ഷൗബീല മുഹമ്മദ്, മെമ്പർ , പത്തനാപുരം പഞ്ചായത്ത്

സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം

1. പുനലൂർ മൂവാറ്റുപുഴ റോഡിൽ കായംകുളത്തിനും പുനലൂരിനുമിടയിലുള്ള ഏറ്റവും പ്രധാനപ്പെട്ട ജംഗ്ഷനാണ് പത്തനാപുരം ജംഗ്ഷൻ. മലഞ്ചരക്കുകളുടെ വിപണനകേന്ദ്രമായ പത്തനാപുരത്തു KSRTC ബസ്സ് സ്റ്റാൻഡിൽ നിന്നും പുനലൂർ - കായംകുളം റോഡിലേക്ക് തിരിയുന്ന ജംഗ്ഷനാണ് പത്തനാപുരം ജംഗ്ഷൻ. ധാരാളം സർക്കാർ ബസ്സുകളും സ്വകാര്യ ബസ്സുകളും ലോറികളും കുന്നിക്കോടുനിന്നും പുനലൂരേക്കുംകായംകുളത്തേക്കും തിരിയേണ്ട ജംഗ്ഷൻ എന്ന നിലയിൽ ടീ ജംഗ്ഷൻറെ വീതി കൂട്ടേണ്ടത് ഏറ്റവും അത്യാവശ്യമാണ്. KSTP രണ്ടാം ഘട്ട വികസനത്തിന് മിക്ക ഭൂഉടമകുളും സ്ഥലം വിട്ടുതരുന്നതിനു സമ്മതപത്രം നൽകിയിട്ടുണ്ട് . സ്ഥലം വിട്ടു തരാത്തവരുടെ വസ്തു ഏറ്റെടുക്കുന്നതിനാണ് ഇപ്പോൾ KSTP നടപടികൾ തുടങ്ങിയിട്ടുള്ളത് .

2. കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിലെ സർവ്വേ 477/6 പെട്ട 0.73 ആർസ് സ്ഥലമാണ് റോഡ് വികസനത്തിന് ഇപ്പോൾ ഏറ്റെടുക്കുന്നത് . ഈ സ്ഥലം പുനലൂർ അടൂർ റോഡിൽ കുന്നിക്കോട് പത്തനാപുരം റോഡ് ചെന്നുചേരുന്ന ജംഗ്ഷനിൽ പുനലൂർ റോഡിനും അടൂർ റോഡിനും തെക്കായും കുന്നിക്കോട് പത്തനാപുരം റോഡിനു കിഴക്കായും സ്ഥിതി ചെയ്യുന്നു .

3. പുനലൂർ - മൂവാറ്റുപുഴ റോഡ് വികസനത്തിൻറെ ഭാഗമായി പത്തനാപുരം ജംഗ്ഷൻ വികസനത്തിനാണ് ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നത്. 11.6.2018 ലെ ഗവ. ഉത്തരവ് നമ്പർ 955/2018/PWD പ്രകാരം കേരളം സർക്കാർ ടി സ്ഥലമെടുപ്പിനു അനുമതി നൽകിയിട്ടുണ്ട്. കേരളം സർക്കാർ സ്ഥാപനമായ KSTP എക്സിക്യൂട്ടീവ് എൻജിനീയറാണ് അർത്ഥനാധികാരി . പൊതുജനങ്ങൾക്ക് ഏറ്റവും അത്യാവശ്യമായതും ദീർക്കദൂര യാത്ര സുഗമമാക്കുന്നതുമായ ഈ റോഡ് വികസനം നടപ്പാക്കുന്നത്. ആയതിനാൽ തികച്ചും പൊതു ആവശ്യത്തിനാണ് ഈ ഭൂമി ഏറ്റെടുക്കുന്നത് .

4. പത്തനാപുരം ജംഗ്ഷൻ വികസനത്തിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തു കെട്ടിടങ്ങൾ അല്ലാതെ വൃക്ഷങ്ങളോ കൃഷികളോ ഇല്ലാത്തതാണ്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റിവരുമ്പോഴുണ്ടാകുന്ന പൊടിപടലങ്ങളും ശബ്ദമലിനീകരണവും മൂലമുണ്ടാകുന്ന ആഘാതമല്ലാതെ ദോഷകരമായ പരിസ്ഥിതി ആഘാതവും ഈ സ്ഥലമേറ്റെടുപ്പ് കൊണ്ട് ഉണ്ടാകുന്നില്ല. വേഗത്തിൽ ജംഗ്ഷൻ വികസന പ്രവർത്തനങ്ങൾ നടത്തിയാൽ താത്കാലികമായി ദോഷകരമായ ഈ ആഘാതം കുറയ്ക്കാൻ കഴിയും. ജംഗ്ഷൻ വികസനമെന്ന ഗുണകരമായ ആഘാതവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ ആഘാതം വളരെ ലഘുവാണെന്നും അല്പകാലത്തേക്കാണെന്നും മനസ്സിലാകും.

5. ശ്രീ സയ്ദ് മുഹമ്മദിന്റെ കടമുറി നിലവിൽ 17000/- രൂപയ്ക്കു വാടകയ്ക്ക് നല്കിയിരിക്കുകയാണെന്ന് അറിയുന്നു. ഈ കടമുറിയിൽ സ്റ്റേഷനറി , ചെരുപ്പ് കച്ചവടം എന്നിവ നടക്കുന്നു. കട ഉടമയും രണ്ടു തൊഴിലാളികളും ആ കടയിലെ വരുമാനം കൊണ്ട് ഉപജീവനം നടത്തുന്നു. ടി സ്ഥലം ഏറ്റെടുത്തു കട പൊളിക്കുമ്പോൾ അവരുടെ തൊഴിൽ നഷ്ടമാവുന്നതാണ്. ഉപജീവനമാർഗം നഷ്ടപെടുന്നവർക്കു കൂടി ന്യായമായ സാന്ത്വന നഷ്ടപരിഹാരം നല്കുന്നത് നന്നായിരിക്കും .

6. ശ്രീ. മോൻസി ജോസഫ് തന്റെ കട സ്വന്തമായി നടത്തുകയാണ്. 35 വർഷമായി തുണിക്കട നടത്തുന്ന മോൻസി ജോസെഫിന്റെ ഏക വരുമാന മാർഗ്ഗമാണ് ഈ വസ്തുവിൽ സ്ഥിതിചെയ്യുന്ന മൂന്ന് നിലകളുള്ള തുണിക്കട. ഏകദേശം 1200 ച.അടി. വിസ്തീർണമുള്ള ഈ വാർക്ക കെട്ടിടം പൂർണമായും ഇടിച്ചു നിരപ്പാക്കേണ്ടി വരും. ഉടമയായ മോൻസി ജോസഫിനെ കൂടാതെ ലേബർ രെജിസ്ട്രേഷൻ ഉള്ള രണ്ടു തൊഴിലാളികളും ടി തുണിക്കടയിൽ ജോലി ചെയ്യുന്നു . സ്ഥലം ഏറ്റെടുക്കൽ മൂലം ഉടമയുടെയും രണ്ടു തൊഴിലാളികളുടെയും ഉപജീവനമാർഗം നഷ്ടപ്പെടുന്നതാണ്. പുനഃരധിവാസ നടപടികളും മാന്യമായ നഷ്ടപരിഹാരവും നൽകി ടി സ്ഥലം ഏറ്റെടുക്കാവുന്നതാണ്.

7. ജംഗ്ഷൻ വികസനത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് കാണുന്നു. വസ്തു വിട്ടുനൽകേണ്ട കക്ഷികൾ ആവശ്യപെടുന്നതുപോലെ റോഡിനു പടിഞ്ഞാറു ഭൂമി ലഭ്യമാണെങ്കിലും പത്തനാപുരം ബസ് സ്റ്റാൻഡിൽ നിന്നും പുനലൂരേക്ക് തിരിയുന്ന ഭാഗത്തിന്റെ വീതി കൂട്ടുന്നതിന് റോഡിനു കിഴക്കുള്ള ഭൂമിയാണ് ആവശ്യമെന്നു കാണുന്നു. ടീ ഭൂമി ഏറ്റെടുക്കുക അല്ലാതെ ജംഗ്ഷൻ വികസനത്തിന് മറ്റു മാർഗങ്ങൾ ഇല്ലാത്തതാണെന്നും കാണുന്നു .

8. പത്തനാപുരം ജംഗ്ഷൻ വികസനത്തിന് ഏറ്റവും അത്യാവശ്യമായ ഈ സ്ഥലമെടുപ്പിൽ കാര്യമായ പാരിസ്ഥിതിക ആഘാതങ്ങളൊന്നും തന്നെ ഇല്ലത്തതാണ്. പൊതുകാര്യത്തിനാണ് ഭൂമി ഇപ്പോൾ ഏറ്റെടുക്കുന്നത് . ഏറ്റവും കുറഞ്ഞ അളവിലുള്ള വസ്തു മാത്രമാണ് ഏറ്റെടുക്കുന്നത്. ജംഗ്ഷൻ വികസനമായതിനാൽ നിലവിൽ ഏറ്റെടുക്കുന്ന വസ്തു അല്ലാതെ പകരം വസ്തു ഏറ്റെടുക്കാൻ കഴിയുന്നതല്ല. നിയമപ്രകാരമായുള്ള നഷ്ടപരിഹാരം നൽകി പൊതുജനത്തിന് ഏറ്റവും അത്യാവശ്യമായ ഈ വസ്തു ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടു പോകാവുന്നതാണെന്നു ശുപാർശ ചെയ്യുന്നു.

## വിദഗ്ദ്ധ സമിതിയുടെ അഭിപ്രായങ്ങളും ശുപാർശകളും

വളരെ ദീർക്കമായ പരിശോധനകൾക്കും നിരീക്ഷണങ്ങൾക്കും ഒടുവിൽ താഴെ പറയുന്ന അഭിപ്രായങ്ങളും ശുപാർശകളും കൈക്കോള്ളുകയും അവ ഇവിടെ സമർപ്പിക്കുകയും ചെയ്യുന്നു.

1. KSTP റോഡിനു വേണ്ടി ഏറ്റെടുക്കുന്നതു പത്തനാപുരം ജംഗ്ഷനിലെ 0.73 ആർ സ്ഥലമാണ്.

2. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് വ്യക്തവും വിശ്വാസയോഗ്യവുമായ പൊതു ആവശ്യമുണ്ടെന്ന് നിർണയിക്കപ്പെട്ട പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ സർവ്വേ നമ്പർ 477/6/37-1, 477/6/32-1, 477/6/28, 477/6-31-1, 477/6-38, 477/6-B-1 കളിൽപെട്ട 0.73 ആർ സ്ഥലം ഏറ്റെടുക്കാമെന്ന് ശുപാർശ ചെയ്യുന്നു.

3. പദ്ധതിക്ക് ആവശ്യമായ ചുരുങ്ങിയ അളവായ 0.73 ആർസ് മാത്രമാണ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ 0.73 ആർസ് ഭൂമി ഏറ്റെടുക്കുവാൻ ശുപാർശ ചെയ്യുന്നു

4. റോഡ് വികസനത്തിന് അനുയോജ്യമായ മറ്റു സ്ഥലങ്ങൾ ഇല്ലെന്നും അഭിപ്രായപ്പെടുന്നു.

5. പട്ടിക പ്രദേശത്തെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാധ്യമായ അവസാനത്തെ വഴിയായതിനാൽ ഈ ഭൂമി ന്യായമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ ശുപാർശ ചെയ്യുന്നു.

6. വിശദമായ സാമൂഹിക ആഘാത പഠന റിപ്പോർട്ട് പഠിച്ചതിന്റെയും സ്ഥല പരിശോധന നടത്തി ചർച്ചകൾ നടത്തിയതിന്റെയും വെളിച്ചത്തിൽ ഭൂമി ഏറ്റെടുക്കാൻ നിർദേശിച്ച പഠന ഏജൻസിയുടെ പഠനം ശരിയാണെന്നും വികസനത്തിന് വഴിയൊരുക്കുന്ന ഈ പ്രവർത്തനത്തിന് ഭൂമി ഏറ്റെടുക്കാമെന്നും വിദഗ്ദ്ധ സമിതി ഒറ്റകെട്ടായി അഭിപ്രായപ്പെടുന്നു .

Er. എസ്, ശ്രീകുമാർ

റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (പി. ഡബ്ള്യൂ. ഡി)

കൊല്ലം ചെയർമാൻ

3.7.2019 വിദഗ്ദ്ധ സമിതി